LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള കേന്ദ്രസഹായം

297 (646) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ബഹുഭൂരിപക്ഷം കൈത്തറി സഹകരണ സംഘങ്ങളും വൻ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന ആസൂത്രണ ബോർഡിന്റെ പഠന റിപ്പോർട്ട് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് സർക്കാർ അന്വേഷിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) കൈത്തറി സഹകരണ സംഘങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ പാക്കേജിന്റെ ഭാഗമായി പ്രഖ്യാപിച്ച സഹായം ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണവും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ബഹുഭൂരിപക്ഷം കൈത്തറി സഹകരണസംഘങ്ങളും നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന്റെ കാരണങ്ങൾ താഴെപ്പറയുന്നവയാണ് :

1. ഉത്പാദനക്ഷമതയുടെ കുറവ്
2. പ്രവർത്തന മൂലധനത്തിന്റെ അഭാവം
3. നെയ്ത്തുകാരുടെ അഭാവം
4. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പയുടെ പലിശയും പിഴപലിശയും.

(സി) ഉണ്ട്.